# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 12/2020
# 03.01.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. സമ്മേളനങ്ങൾ
5. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗടൃമാക്കനകം, ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി ., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ് കെ, സൗമ്യ എസ്., ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. അലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്ച്, ശശി സി. ടി., ഡോ. ബേബി ഷീബ, സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., സോബിൻ വർഗീസ് എം വി, രഘുദാസ് പി. വി., ഡോ. സഞ്ജയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ വി, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, രഞ്ജിത് മോഹൻ പി., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. പ്രദീപ് കുമാർ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ് , ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. റിജുലാൽ ജി.

രാവിലെ 10 മണിക്ക് ഓൺലൈൻവഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം . സത്യൻ ആധ്യക്ഷം വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഇമ്പിച്ചിക്കോയ കൗടൃമാക്കനകം അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കാസർകോട് ലീഗ് പ്രവർത്തകർ കൊലപ്പെടുത്തിയ അബ്ദുൽ റഹ്മാൻ ഔഫ്, പ്രശസ്ത മലയാളകവയിത്രി സുഗതകുമാരി ടീച്ചർ, സിനിമാസംവിധാ യകൻ ഷാനവാസ് നാരാണിപുഴ, സിനിമാനടൻ അനിൽ നെടുമങ്ങാട്, മുൻ കേന്ദ്രമന്ത്രി ബൂട്ടാ സിംഗ്, പ്രശസ്ത കവിയും പു.ക.സ. നേതാവുമായ നീലം പേരൂർ മധുസൂദനൻ നായർ, കർഷകസമരത്തിനിടയിൽ ജീവൻ നഷ്ടപെട്ട കർഷകർ, കോവിഡ് മഹാമാരിയിൽപ്പെട്ടു നമ്മെവിട്ടുപോയ അനേകായിര ങ്ങൾ, തുടങ്ങിയവരുടെ നിര്യാണത്തിൽ ക മ്മിറ്റി അനുശോചനം രേഖപ്പെടു ത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ 22-12-2020 ശേഷം കേവലം പത്ത് ദിവസങ്ങൾക്കുള്ളിൽ നമ്മുടെ സംസ്ഥാനപ്രവർത്തകസമിതി യോഗംചേരുകയാണ്. കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ 2020 മാർച്ച് 6, 7, 8 തീയതികളിൽ തൃശൂരിൽ നടന്ന

സംസ്ഥാനസമ്മേളനത്തിനുശേഷം ഓൺലൈനിലൂടെ മാത്രമേ സംസ്ഥാന സമിതിയോഗങ്ങൾ കൂടിയിട്ടുള്ളു. ഇതിന്റേതായ എല്ലാ പരിമിതികളും സംഘടനയ്ക്ക് ഉണ്ട്. എങ്കിൽ കൂടിയും കഴിഞ്ഞ ഒരു വർഷക്കാലം അക്കാദമിക- സംഘടനാ മേഖലയിൽ നാം നേരിട്ട പ്രതിസന്ധികൾ നമുക്ക് ഒറ്റക്കെട്ടായി പ്രതിരോധിക്കാൻ സാധിച്ചു എന്നുള്ളത് ഏറെ സന്തോഷകരമായ കാര്യമാണ്. 2021 നമ്മെ സംബന്ധിച്ചിടത്തോളം സർവീസ് മേഖലയിലും വിദ്യാഭ്യാസമേഖലയിലും പുത്തനുണർവ്വ് പകരുന്നതാവും എന്ന് നാം പ്രതീക്ഷിക്കുന്നു.

2020 ഡിസംബർ 23ന് കോളേജുകൾ തുറക്കുന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവ് തികച്ചും അധ്യാപകർക്ക് പ്രയാസം സൃഷ്ടിക്കുന്നതായിരുന്നു. പ്രസ്തുത ഉത്തരവിൽ ജോലിസമയം 8½ മണിക്കൂറാണ് നിഷ്കർഷിച്ചിരുന്നത്. ഇത് തിരുത്തണമെന്നാവശ്യപ്പെട്ട് ഡിസംബർ ഇരുപത്തിനാലാം തീയതിതന്നെ ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീലിന് സംഘടന കത്ത് നൽകുകയുണ്ടായി. ഡിസംബർ 28ന് ജനറൽ സെക്രട്ടറിയും പ്രസിഡണ്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടറെയും ഡെപ്യൂട്ടി ഡയറക്ടറെയും കണ്ട് ഇക്കാര്യത്തിൽ ഉള്ള അനൗചിത്യം ചൂണ്ടിക്കാണിക്കുകയും ഡയറക്ടർ എൻഡോഴ്സ് ചെയ്ത് ഉത്തരവ് ഇറക്കുമ്പോൾ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. മാത്രവുമല്ല കോളേജ് വിദ്യാഭ്യാസവകുപ്പിൽ ഇതിനകം പെൻഡിംഗ് ആയിട്ടുള്ള അസോസിയേറ്റ് പ്രൊഫസർ പ്ലെയിസ്മെന്റുകൾ എത്രയും വേഗം നടത്താൻ വേണ്ടി സ്ക്രീനിങ് കമ്മിറ്റി രൂപീകരിക്കണമെന്നും 18-07-2018ന് ശേഷം ഡ്യൂ ആയ മുഴുവൻ അധ്യാപകരുടെയും പ്ലെയിസ്മെന്റു അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ പുറപ്പെടുവിക്കണമെന്നും ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. ഇതനുസരിച്ച് പത്താം തീയതിയോടെ ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാക്കാം എന്ന് ഡയറക്ടർ ഉറപ്പുനല്കുകയുണ്ടായി. ട്രാൻസ്ഫർ നോംസ് എത്രയും വേഗം പരിഷ്കരിച്ച് പുറത്തിറക്കണമെന്നും 2021 വർഷത്തെക്കുള്ള ട്രാൻസ്ഫർ ക്ഷണിച്ചു കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിക്കണമെന്നും ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി.

ഡിസംബർ 29ന് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീലിനെ കണ്ട് സംഘടനാ നേതൃത്വം ഡിസംബർ 23ലെ ഉത്തരവിന്റെ അനൗചിത്യം ചൂണ്ടിക്കാണിക്കുകയും അത് തിരുത്തണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾതന്നെ അദ്ദേഹം ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയെ വിളിച്ച് പ്രസ്തുത ഉത്തരവ് തിരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി. മന്ത്രിയുമായി നടന്ന ചർച്ചയുടെ പശ്ചാത്തലത്തിൽ അന്നുച്ചയ്ക്ക് നടന്ന വൈസ്-ചാൻസലർമാരുടെ യോഗത്തിൽ കോളജുകൾക്ക് ഉചിതമായ സമയക്രമം സ്വീകരിക്കാമെന്നും അധ്യാപകർ 6 മണിക്കൂർ മാത്രം കോളേജിൽ ചിലവഴിച്ചാൽ മതിയെന്നും മന്ത്രി നിർദേശിച്ചു. പ്രസ്തുത വിവരങ്ങൾ പത്രവാർത്തയായി പിറ്റേദിവസം മാധ്യമങ്ങളിൽ വരികയുണ്ടായി.

ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നവംബറിൽ ഇറങ്ങിയ ഉത്തരവ് തികച്ചും അവ്യക്തത നിറഞ്ഞതായിരുന്നു. ഇതുമായി ബന്ധപ്പെട്ട് സംഘടന വകുപ്പുമന്ത്രിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും കത്ത് നൽകി. ഇതിനെ തുടർന്ന് ഫയൽ പി.ആർ.സി. സെക്ഷനിൽ എത്തുകയും ഡിസംബർ 29ന് സംഘടനാനേതൃത്വം ധനകാര്യവകുപ്പ് മന്ത്രിയുടെ ഓഫീസുമായി ബന്ധപെട്ടു കാര്യങ്ങൾ വിശദീകരിക്കുകയും ഫയൽ നോട്ട് കൊടുത്തു വിളിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സംഘടനയുടെ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് ധനകാര്യവകുപ്പിൽ നൽകുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് ധനകാര്യവകുപ്പിൽനിന്നും ഫയൽ ഉന്നതവിദ്യാഭ്യാസവകുപ്പിൽ എത്തി ഉത്തരവ് ഇറങ്ങുമെന്നാണ് നമ്മൾ

പ്രതീക്ഷിക്കുന്നത്. ജനുവരി ഒന്നാം തീയതി എം.ജി., കാലിക്കറ്റ്, കേരള സർവ്വകലാശാലകൾ കോളേജ് തുറക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

സംഘശബ്ദം 2021 ജനുവരി രണ്ടിന് നമ്മുടെ എല്ലാ യൂണിറ്റിലേക്കും അയക്കാൻ സാധിച്ചിട്ടുണ്ട്. കണ്ണൂർ സർവകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. അതിന്റെ ചുമതല കണ്ണൂർ സർവ്വകലാശാല മേഖല സെക്രട്ടറി ചന്ദ്രമോഹനാണ്. കേരള സർവകലാശാല അക്കാദമിക്ക് കൗൺസിലിലേക്ക് നോമിനേഷൻ കൊടുക്കേണ്ട തീയതി ജനുവരി പതിനൊന്നിനാണ്. അതിന്റെ ചുമതല ഇന്നത്തെ കമ്മിറ്റി തീരുമാനിക്കേണ്ടതുണ്ട്. മാത്രമല്ല കഴിഞ്ഞ 39 ദിവസമായി ഡൽഹിയിലെ കൊടുംതണുപ്പിൽ രാജ്യത്തെ കാർഷിക മേഖല സംരക്ഷിക്കുന്നതിനായി സമരം ചെയ്യുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി ജനുവരി ഒന്നാം തീയതി കർഷക സഹായനിധി എന്ന രീതിയിൽ ക്യാമ്പസുകളിൽ നിന്ന് നമ്മൾ ഫണ്ട് ശേഖരിച്ചിരുന്നു. വിവിധ ജില്ലകളിൽ നിന്നായി 2,22,880/- രൂപ നമുക്ക് സമാഹരിക്കാൻ സാധിച്ചു. ഇതിന്റെ പിറകിൽ പ്രവർത്തിച്ച മുഴുവൻ അംഗങ്ങളെയും അഭിവാദ്യം ചെയ്യുന്നു.

പ്രിൻസിപ്പൽനിയമനവുമായി ബന്ധപ്പെട്ട നിയമനടപടികൾ നടന്നു വരുന്നു. വരുംവർഷങ്ങളിൽ ഉന്നതവിദ്യാഭ്യാസമേഖലക്ക് ബജറ്റ് വിഹിതം കൂടുതലുണ്ടാകുമെന്നാണ് അറിയാൻ കഴിയുന്നത്. ആയതിനാൽ ഇതിന്റെ വിനിയോഗം, പുതിയ കോഴ്സ്, അവയുടെ ഘടന എന്നവ സംബന്ധിച്ച് ആലോചിക്കേണ്ടതുണ്ട്.

ഏഴാം ശമ്പള പരിഷ്കരണ ഉത്തരവ് നവംബർ 6ന് അപാകതകളോടെ ഇറങ്ങിയപ്പോഴും, കോളേജിന്റെ സമയക്രമം സംബന്ധിച്ച ഉത്തരവ് ഇറങ്ങിയ പ്പോഴും നമ്മുടെതന്നെ പല അംഗങ്ങളും വാട്സാപ്പ് ഗ്രൂപ്പുകളിൽ സംഘടനയ്ക്ക് അങ്ങേയറ്റം അപകീർത്തികരമായ പ്രസ്താവന നടത്തുകയും, കേരള ഫാക്കൽറ്റി റിസെർച്ചേഴ്സ് പോലുള്ള ഫോറങ്ങൾ രൂപീകരിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. കോളേജ് അധ്യാപകഐക്യവേദി എന്ന കൂട്ടായ്മയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നമ്മുടെ ചില അധ്യാപകർ അതിന് ഊർജ്ജം പകരുന്ന രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് ശരിയായ സംഘടനാരീതിയല്ല. ഇതിനെതിരെ നമ്മൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. കഴിഞ്ഞ 63 വർഷമായി നിരന്തരമായ സമരപോരാട്ടങ്ങളിലൂടെ വളർന്നുവന്ന സംഘടനയെ കേവലം ചില താൽക്കാലിക ഉത്തരവുകളുടെ പേരിൽ അപകീർത്തിപ്പെടുത്തുകയും സംഘടനയെ ഇകഴ്ത്തിക്കാണിക്കുകയും ചെയ്യുന്ന നടപടികളിൽനിന്ന് നമ്മുടെ അംഗങ്ങൾ വിട്ടുനിൽക്കണമെന്നാണ് ഈ അവസരത്തിൽ ആവശ്യപ്പെടാനുള്ളത്.

തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ഈ റിപ്പോർട്ടു കൾക്കുമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് അജണ്ട തിരിച്ചുള്ള വിഷയ ങ്ങളിൽ ചർച്ച നടന്നു. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. ഇതിനുശേഷം യൂണിറ്റ് ജില്ലാ സമ്മേളനം സംബന്ധിച്ച് ജനറൽ സെക്രട്ടറി ഒരു റിപ്പോർട്ട് അവതരിപ്പിച്ചു. ഇത് സംസ്ഥാന സമിതി അംഗീകരിച്ചു. അതിനുശേഷം ജനറൽസെക്രട്ടറി മറുപടി നൽകി. ഇതിനെത്തു ടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. അക്കാദമിക്ക് കമ്മിറ്റിയുടെയും വനിതാസബ്കമ്മിറ്റിയുടെയും ഷെഡ്യൂൾ ചെയ്ത് കഴിഞ്ഞ പ്രോഗ്രാമുകൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ തീരുമാനിച്ചു.

2. യുണിറ്റ് സമ്മേളനങ്ങൾ ജനുവരി 31ന് മുൻപായും ജില്ലാസമ്മേളനങ്ങൾ ഫെബ്രുവരി 28 മുൻപായും പൂർത്തീകരിക്കാൻ തീരുമാനിച്ചു. രണ്ടു സമ്മേളനങ്ങളും ഓഫ്ലൈൻ ആയി വേണം നടത്തുവാൻ.
3. മഹാരാജാസ് കോളേജിലെ രണ്ട് കോഴ്സുകൾ റഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സജീവമായ ഇടപെടൽ നടത്താൻ തീരുമാനിച്ചു.
4. കേരള സർവകലാശാല അക്കാദമിക് കൌൺസിൽ തിരഞ്ഞെടുപ്പിന്റെ ചുമതല കേരള സർവകലാശാല മേഖലാ സെക്രട്ടറി ഡോ.വിനു ഭാസ്കറിനു നൽകി.
5. മ്യൂസിക് കോളേജ് അധ്യാപകരുടെ യുജിസി വിഷയത്തിൽ വളരെ ക്രിയാത്മകമായി ഇടപെടാൻ തീരുമാനിച്ചു.
6. ഫിസിക്കൽ എജുക്കേഷൻ അധ്യാപകരുടെ പോസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട അവ്യക്തത നീക്കാൻ ഇടപെടും.
7. ജില്ലാ സമ്മേളനങ്ങളിൽ സംസ്ഥാന നേതൃത്വത്തിൽ നിന്നും താഴെ പറയുന്ന അംഗങ്ങൾ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.
   തിരുവനന്തപുരം–ഡോ.എം. സത്യൻ; കൊല്ലം–സന്തോഷ് ടി വർഗീസ്; കോട്ടയം–ഡോ. രാജേഷ് കുമാർ പി.; ഇടുക്കി. ഡോ. വിനു ഭാസ്കർ; എറണാകുളം–ഡോ.എൻ. മനോജ്; തൃശൂർ–ഡോ. ഗീത നമ്പ്യാർ എം. കെ.; പാലക്കാട്–ഡോ.എം സത്യൻ; മലപ്പുറം–ഡോ. എൻ മനോജ്; കോഴിക്കോട്–ഡോ. കെ.കെ.ദാമോദരൻ; വയനാട്–ഇമ്പിച്ചിക്കോയ കൗട്യമാക്കനകം; കണ്ണൂർ–ഡോ. മുഹമ്മദ് റഫീഖ്; കാസർകോട്–ഡോ. ചന്ദ്രമോഹൻ കെ. ടി.
8. സംസ്ഥാനസമ്മേളനത്തിനുവേണ്ടിയുള്ള വാർഷികറിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന കമ്മിറ്റി രൂപീകരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പ്രസിഡണ്ട്, ട്രഷറർ, രണ്ടു വൈസ് പ്രസിഡൻറ്മാർ, കേരള സർവകലാശാല മേഖലാ സെക്രട്ടറി ഡോ.വിനു ഭാസ്കർ, അക്കാദമി കമ്മിറ്റി ചെയർമാൻ ഡോ. വിഷ്ണു വി.എസ്.
9. വരുംവർഷങ്ങളിൽ കോളേജുകളിലെ ഫണ്ട് വിനിയോഗം, കോഴ്സുകളുടെ ഘടന എന്നിവയെപ്പറ്റി പഠിച്ചു റിപ്പോർട്ട് നല്കാൻ എ.സി.എസ്.ആർ. അധ്യക്ഷൻ ഡോ. ഗ്രേഷ്യസ് ജെ, ഡോ. സെനോ ജോസ്, ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, ട്രഷറർ, സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം , മേഖല സെക്രട്ടറി സന്തോഷ് ടി വർഗീസ്, പ്രവർത്തകസമിതി അംഗം ഡോ. പ്രിൻസ് പി.ആർ, അക്കാദമിക്ക് കമ്മിറ്റി ചെയർമാൻ ഡോ. വിഷ്ണു വി.എസ്, എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചു. പ്രസ്തുത സമിതി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
10. സംഘശബ്ദം നൊബേൽ പതിപ്പ് ജനുവരി 31നകം ഇറക്കാനും, സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള സാഹിത്യ മത്സരത്തിലേക്ക് വിദ്യാർത്ഥികളിൽ നിന്നും സാഹിത്യ സൃഷ്ടികൾ ക്ഷണിക്കുവാനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

03.01.2021